# CAREER Updates
# പത്രവൃത്താന്തം

28.06.2024 (വെള്ളി)



➪ 2024-ലെ കോമൺവെൽത്ത് ചെറുകഥാ പുരസ്കാരം നേടിയ ഇന്ത്യക്കാരി
✔ സഞ്ജന താക്കൂർ

- സഞ്ജന താക്കൂറിന്റെ 'ഐശ്വര്യ റായി' എന്ന ചെറുകഥയാണ് പുരസ്കാരത്തിന് അർഹമായത്. പുതിയൊരു അമ്മയാകാൻ പറ്റിയ ആരുണ്ട് എന്ന അന്വേഷണവുമായി അഭയകേന്ദ്രത്തിലെ സ്ത്രീകളെ സമീപിക്കുന്ന ഏകാകിയായ പെൺകുട്ടിയുടെ കഥയാണ് 'ഐശ്വര്യ റായി'.
- ബ്രിട്ടീഷ് കോമൺവെൽത്ത് രാജ്യങ്ങളിൽ നിന്നുള്ള 7359 ചെറുകഥകളിൽ നിന്നാണ് സഞ്ജന താക്കൂറിന്റെ 'ഐശ്വര്യ റായി' 2024-ലെ കോമൺവെൽത്ത് ചെറുകഥാ പുരസ്കാരത്തിനായി തിരഞ്ഞെടുക്കപ്പെട്ടത്. 5000 പൗണ്ടാണ് പുരസ്കാരത്തുക.

➪ രാജ്യാന്തര ബഹിരാകാശ നിലയത്തിന് സമീപമുള്ള ഭ്രമണപഥത്തിൽവച്ച് 2024 ജൂണിൽ പൊട്ടിത്തെറിച്ച റഷ്യൻ ഉപഗ്രഹം
✔ റിസഴ്സ് പി-1
- 2022-ൽ ഡീകമ്മിഷൻ ചെയ്യപ്പെട്ട റഷ്യൻ ഉപഗ്രഹമാണ് റിസഴ്സ് പി-1.

➪ 2024-ലെ ബ്രാന്റ് വാല്യു ഇന്ത്യ റാങ്കിങ്ങിൽ ഇന്ത്യയിലെ ഏറ്റവും മൂല്യമുള്ള ബ്രാന്റ് ആയി തിരഞ്ഞെടുക്കപ്പെട്ടത്
✔ ടാറ്റ

➪ കാലാവധി കഴിയാറായ അന്താരാഷ്ട്ര ബഹിരാകാശ നിലയം പൊളിക്കുന്നതിനായുള്ള കരാർ ലഭിച്ച സ്വകാര്യ ബഹിരാകാശ കമ്പനി
✔ സ്പെയ്സ് എക്സ്
- 2030-ഓടെ പ്രവർത്തനം അവസാനിപ്പിക്കുന്ന ബഹിരാകാശ നിലയത്തെ സുരക്ഷിതമായി ഭ്രമണപഥത്തിൽ നിന്ന് മാറ്റി ഭൂമിയിലേക്ക് തിരികെ ഇറക്കുന്നതിനുള്ള കരാറാണ് നാസ സ്പെയ്സ് എക്സിന് നൽകിയത്.

CAREER GUIDANCE BUREAU

➪ സർക്കാർ ഉടമസ്ഥതയിലുള്ള കേരളത്തിലെ ആദ്യത്തെ ഡ്രൈവിംഗ് സ്കൂൾ 2024 ജൂണിൽ ഉദ്ഘാടനം ചെയ്യപ്പെട്ടത് എവിടെ?
✔ തിരുവനന്തപുരം

➪ 2024 ജൂണിൽ പ്രൊഫഷണൽ ഗോൾഫ് ടൂർ ഓഫ് ഇന്ത്യയുടെ പ്രസിഡന്റായി ചുമതലയേറ്റ മുൻ ഇന്ത്യൻ ക്രിക്കറ്റ് താരം
✔ കപിൽ ദേവ്

➪ നികുതി വർദ്ധനവ് ഉൾപ്പെടുന്ന വിവാദ ധനകാര്യ ബിൽ പാസ്സാക്കിയതിനെ തുടർന്ന് 2024 ജൂണിൽ വ്യാപക പ്രതിഷേധം നടന്ന ആഫ്രിക്കൻ രാജ്യം
✔ കെനിയ

➪ ഇന്ത്യയിലെ ഏറ്റവും വലുതും ദക്ഷിണേന്ത്യയിലെ ആദ്യത്തേതുമായ പുള്ളിപ്പുലി സഫാരി പാർക്ക് നിലവിൽ വന്ന സംസ്ഥാനം
✔ കർണാടക (ബന്നാർഘട്ട)


കരിയർ ഗൈഡൻസ് ബ്യൂറോ
ആറ്റിങ്ങൽ & തമ്പാനൂർ 8590 333 999